III ഇ.ബി. XII-കേരള നിയമസഭ/VI-5

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 സെപ്റ്റംബർ 10, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*121,*122&*123) സഭയിൽ ഉന്നയിക്കപ്പെടുകയും *121-ാം നമ്പർ ചോദ്യത്തിന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും *122-ാം നമ്പർ ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും *123-ാം നമ്പർ ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

### II. അടിയന്തിരപ്രമേയം

സംസ്ഥാനത്തെ നാഷണൽ ഹൈവേയും എം. സി. റോഡിന്റെ പണി പൂർത്തിയാകാത്ത ഭാഗവും ഉൾപ്പെടെ പി.ഡബ്ള്യു.ഡി യുടെ കീഴിലുള്ള പ്രധാന റോഡുകളെല്ലാം തകർന്ന് സ്ഥിതി ആപൽക്കരമായിരിക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ. സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ബാബുവും മറ്റ് നാല്

അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയാവതരണ നോട്ടീസിന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നിഷേധിച്ചു.

പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടിയും സംസാരിച്ചു.

## III.പ്രസ്താവന

മെർക്കിസ്റ്റൺ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട പ്രശ്നം സംബന്ധിച്ച ഗവൺമെന്റ് നിലപാട് സഭയിൽ വ്യക്തമാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നുവെങ്കിലും അതുണ്ടായില്ലെന്ന് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി ചൂണ്ടിക്കാണിക്കുകയും അതുസംബന്ധിച്ച് മുഖ്യമന്ത്രി 11-9-07-ന് പ്രസ്താവന നടത്തുമെന്ന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വ്യക്തമാക്കുകയും ചെയ്തു.

## IV. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യക്ഷമതാവർഷ പരിപാടിയുടെ നടത്തിപ്പിൽ ഉളവായിരിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) സുനാമി പുനരധിവാസ പദ്ധതിക്കായി അനുവദിക്കപ്പെട്ട തുക സമയബന്ധിതമായി പ്രയോജനപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി. എം. ദിനേശ്മണി ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

## V. സബ്മിഷൻ

1). കേരളത്തിൽ പടർന്നുപിടിച്ച പകർച്ചവ്യാധികളെക്കുറിച്ച് പഠിക്കുന്നത് സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

2). കോന്നിയിൽ ഹാരിസൺ മലയാളം പ്ളാന്റേഷൻ കോർപ്പറേഷൻ ഭൂമിയിൽ ആളുകൾ കുടിൽകെട്ടി താമസം തുടങ്ങിയത് സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

3) ആറാട്ടുപുഴ കാറപകടത്തിലെ ദുരൂഹത സംബന്ധിച്ച് ശ്രീ. കെ. പി. മോഹനൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

4) ട്രാഫിക് നിയമങ്ങൾ പാലിക്കാതെയുള്ള ചരക്കു ഗതാഗതം സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

5) വടക്കാഞ്ചേരി താലൂക്കാശുപത്രിയിലെ ചികിൽസാ സൗകര്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ. സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

6)    കോൾ പാടശേഖരങ്ങളിലെ ബണ്ടുകൾ ബലപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി. എസ്. സുനിൽകുമാർ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

7)    എം. എസ്. എഫ്. നേതാക്കൻമാരുടെ നേരെയുണ്ടായ ആക്രമണം സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

8)    കള്ള് ചെത്ത് വ്യവസായവും അതിലെ തൊഴിലാളികളും നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

9)    തൃശൂർ ശക്തൻതമ്പുരാൻ ബസ് സ്റ്റാന്റ് പരിസരത്ത് കണ്ട സ്ഫോടക വസ്തു ശേഖരം സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

10)    കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

## VI. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബില്ലിനേയും 2007-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ടിനോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുകയും മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യൂവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു.

നിലവിലുള്ള ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ പാസ്സാക്കിയെടുക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇപ്പോൾ നിയമനിർമ്മാണ സഭ കൂടിയിരിക്കുന്നതെന്നും പരിമിതമായ. സമയത്തിനുള്ളിൽ അത് പാസ്സാക്കിയെടുക്കേണ്ടതുണ്ടെന്നും അതിൽ എല്ലാവരും സഹകരിക്കണമെന്നും സ്പീക്കർ അഭ്യർത്ഥിച്ചു.

കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം 14-നെതിരെ 54 വോട്ടുകളോടെ സഭ അംഗീകരിച്ചു.

## VIII. നിയമനിർമ്മാണ കാര്യം:

**ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ**

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി **2007-ലെ** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ബിൽ അവതരിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സംസാരിച്ചു.

നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും പ്രമേയത്തെ പിന്താങ്ങി ശ്രീ. ബി. ബാബു പ്രസാദും സംസാരിച്ചു.

2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. കുഞ്ഞിരാമനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ബാബു എം. പാലിശ്ശേരിയും സംസാരിച്ചു.

ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. വി. ഡി. സതീശനും സംസാരിച്ചു.

ബില്ലിൻമേലുള്ള ചർച്ചയ്ക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

നിരാകരണ പ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**(2) 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ**

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ധനകാര്യ വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും സംസാരിച്ചു.

2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. എം. പ്രകാശൻ മാസ്റ്ററും സംസാരിച്ചു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2007 സെപ്തംബർ മാസം 11-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.58-ന് പിരിഞ്ഞു.